പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1505 — 10-02-2020-ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി. വിജയദാസ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി വിവിധ സഹകരണ ബാങ്കുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്കായി ചുവടെ ചേർക്കും പ്രകാരം കടാശ്വാസ തുക അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.<br><br>വർഷം — അനുവദിച്ച തുക<br>2018-2019 — 6,74,71,222<br>2017-2018 — 19,76,64,765<br>2016-2017 — 20 കോടി<br><br>കൂടാതെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പ തിരിച്ചടക്കാനാകാതെ പ്രതിസന്ധിയിലാവുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കർഷകരുടെ വായ്പാ തുകയിൽ നിന്നും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി പരമാവധി അനുവദിക്കുന്ന കടാശ്വാസ തുകയുടെ പരിധി ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി ഉയർത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | നിലവിൽ കർഷക കടാശ്വാസം വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് അറിയിക്കാമോ? | (ബി) | കർഷക കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുന്നതിനായി എല്ലാ മാസത്തിലും വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ സിറ്റിംഗ് നടത്തി അർഹരായ അപേക്ഷകർക്ക് കടാശ്വാസം അനുവദിച്ചു വരുന്നു.<br>ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് |

| | | | |
|---|---|---|---|
| | – | | എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചു വരുന്നു. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 ഡിസംബർ 31 വരെ സമയം അനുവദിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**